കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്ത് 2017-18 ൽ പൂർത്തിയാക്കിയകമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് നടപ്പ് വർഷത്തെ വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് -അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1773/2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 16.08.2019.

---

പരാമർശം :- 1 . കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15/10/2018 ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ 31/10/2018 ലെ 4.16-തീരുമാനം

ഉത്തരവ്

കാസറഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ 2017-18 ലെ വിവധ കമ്മ്യൂണിറ്റി ഹാളുകളുടെ അറ്റകുറ്റപ്പണിയെന്ന സ്പിൽ ഓവർ പ്രോജക്ടിന് 15 ലക്ഷം രൂപ അനുവദിച്ചിരുന്നെന്നും 2017-18 ൽ തന്നെ പ്രവൃത്തി പൂർത്തിയായിരുന്നെങ്കിലും ബിൽ സമർപ്പിച്ചിരുന്നില്ലായെന്നും എസ് റ്റി ഫണ്ട് ലഭിച്ചത് കുറവായിരുന്നതിനാൽ എസ് സി ഫണ്ടാണ് എസ് റ്റി പദ്ധതികൾക്ക് വകയിരുത്തി വന്നിരുന്നത് എന്നും 2017-18 വർഷത്തെ വിഹിതം 10,23,000/- രൂപയും ബിൽ തുക 11,44,876/- രൂപയുമാകയാൽ ടി പദ്ധതിയ്ക്ക് ഇനി അനുവദിക്കേണ്ട തുകയായ തുകയായ 664904/- രൂപ അനുവദിക്കണമെന്നുള്ള ബേഡഡുക്ക ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം പരാമർശം (1) ലെ കത്ത് പ്രകാരം കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഇക്കാര്യം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/10/2018 തീയതിയിലെ യോഗം പരിശോധിക്കുകയും ടി പ്രോജക്ട് കാറ്റഗറി I സ്പിൽ ഓവറായതിനാൽ അധിക തുക നല്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്യുകയുമുണ്ടായി .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോദിച്ചു. ഈയിനത്തിൽ അധിക തുക അനുവദിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ബേഡഡുക്ക ഗ്രാമ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് നടപ്പ് വർഷത്തെ വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ,കാസർഗോഡ്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡണ്ട് ,ബേഡഡുക്ക ഗ്രാമ പഞ്ചായത്ത്, കാസറഗോഡ്

തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/441/18

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ